**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1815** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടങ്ങിയ കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ പദ്ധതി വിജയകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഡ്രൈവിംഗ് സ്കൂൾ പ്രവർത്തനം ഏതെല്ലാം ജില്ലകളിൽ ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ആദ്യ ഡ്രൈവിംഗ് സ്കൂൾ തിരുവനന്തപുരം അട്ടക്കുളങ്ങര സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ പ്രവർത്തനം ആരംഭിച്ചു.<br>കെ.എസ്.ആർ.ടി.സി.യുടെ പാറശ്ശാല, ചാത്തന്നൂർ, ചടയമംഗലം, ആറ്റിങ്ങൽ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |
| (സി) | സാമൂഹികമായി പിന്നാക്കം നിൽക്കുന്ന (എസ്.സി/ എസ്.ടി ഉൾപ്പെടെ) ആളുകൾക്ക് സബ്സിഡി നിരക്കിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കു മാത്രമായി 20% ഫീസിളവ് നൽകുന്നതിന് KSRTC യുടെ 424-ാമത് ഭരണസമിതി യോഗം തീരുമാനിച്ചപ്രകാരം തുടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ